**21. 09.2023**

# <u>KGBEU OU ബുള്ളറ്റിൻ 115/2023</u>

സഖാക്കളെ,

## വിഷയം: Online meeting by ROs

ഗൂഗിൾ മീറ്റ് വഴി വ്യാപകമായി മീറ്റിംഗ് വിളിച്ചു ചേർക്കുന്നത് ജീവനക്കാർക്ക് വലിയ രീതിയിൽ ബുദ്ധിമുട്ട് ഉണ്ടാകുന്നതായി സംഘടനയിൽ വിവരം കിട്ടിയിട്ടുണ്ട്. കൊവിഡ് കാലത്ത് ഒരുതരത്തിലും ഫിസിക്കൽ മീറ്റിങ്ങുകൾ വിളിച്ചുചേർക്കാൻ പറ്റാത്ത സന്ദർഭങ്ങളിൽ ആണ് ഗൂഗിൾ മീറ്റ് വഴി നാം കാര്യങ്ങൾ സംവദിക്കാൻ ആരംഭിച്ചത്. ആ പ്രവണത ഇപ്പോഴും അനസ്യൂതം തുടർന്നു കൊണ്ടിരിക്കുകയാണ്.

ബിസിനസ്സ് വർദ്ധനവിന് ഉതകുന്ന തരത്തിലും ഏറ്റവും പ്രധാനപ്പെട്ട കാര്യങ്ങൾ ജീവനക്കാരിലേക്ക് എത്തിക്കുന്നതിനു വേണ്ടിയും വല്ലപ്പോഴും മീറ്റിംഗ് ചേരുന്നതിന് സംഘടന എതിരല്ല. എന്നാൽ, സ്ഥാനത്തും അസ്ഥാനത്തും അനാവശ്യമായി ഗൂഗിൾ മീറ്റ് വിളിച്ചു ചേർക്കുന്നത് ജീവനക്കാർക്ക് വലിയ രീതിയിൽ ബുദ്ധിമുട്ട് ഉണ്ടാക്കുന്നുണ്ട്.

ഈ വിഷയം SPD വിംഗിൽ നാം സംസാരിച്ചിട്ടുണ്ട്. അടിയന്തിര സാഹചര്യങ്ങളിൽ അല്ലാതെ ജീവനക്കാരെ ബുദ്ധിമുട്ടിക്കുന്ന തരത്തിൽ ഗൂഗിൾ മീറ്റ് വഴി യോഗം ചേരാനുള്ള പ്രവണത അവസാനിപ്പിക്കാൻ മുഴുവൻ RO കൾക്കും നിർദേശം നൽകണമെന്ന് ആവശ്യപ്പെടുകയും അല്ലാത്തപക്ഷം ഗൂഗിൾ മീറ്റ് വഴി വിളിച്ചുചേർക്കുന്ന മീറ്റിംഗിൽ ജീവനക്കാർ പങ്കെടുക്കേണ്ടതില്ല എന്ന നിർദേശം നൽകുമെന്നും അറിയിച്ചിട്ടുണ്ട്.

ജനറൽ സെക്രട്ടറി
KGB എംപ്ലോയീസ് യൂണിയൻ
KGB ഓഫീസേഴ്സ് യൂണിയൻ
(AIRRBEA/BEFI)